പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 385 **13-10-2026-ൽ മറുപടിയ്ക്ക്**

പാനൂരിലെ പോലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ മേഖലയിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്ന പോലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം അവസാനിപ്പിച്ച് കണ്ണൂരിലേക്ക് മാറ്റിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

മറുപടി: പാനൂർ മേഖലയിലെ കൺട്രോൾ റൂമുകളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. പാനൂർ കൺട്രോൾ റൂമിന്റെ ചാർജ്ജ് പുതുതായി സൃഷ്ടിച്ച ഇൻസ്പെക്ടർ ഓഫ് പോലീസ് കൺട്രോൾ റൂമിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. പാനൂർ കൺട്രോൾ റൂമിൽ ഓഫീസ് പ്രവർത്തിക്കുന്നുമുണ്ട്.

(ബി) നിയന്ത്രണ സംവിധാനം കണ്ണൂരിലേക്ക് മാറ്റിയതോടെ പാനൂർ, തലശേരി മേഖലകളിൽ അടിയന്തര സാഹചര്യങ്ങളിൽ പോലീസ് സമയബന്ധിതമായി സ്ഥലത്തെത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്ന ആശങ്ക പരിശോധിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: അടിയന്തിര സാഹചര്യങ്ങളിൽ പോലീസ് ഇടപെടുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസുദ്യോഗസ്ഥർ ജാഗ്രതയോടെ പട്രോളിങ്ങ് നടത്തി വരുന്നുണ്ട്.

(സി) രാഷ്ട്രീയ സംഘർഷസാധ്യതയുള്ള മേഖലകളിൽ കൺട്രോൾ റൂം വാഹനങ്ങളുടെ നിരന്തര സാന്നിധ്യം ക്രമസമാധാനപാലനത്തിൽ നിർണായകമായതിനാൽ പൊലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം നേരത്തെയുണ്ടായിരുന്ന രീതിയിൽ തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

മറുപടി: മുൻ കാലങ്ങളിൽ പോലീസ് വാഹനങ്ങൾ പട്രോളിങ്ങ് നടത്തിയിരുന്ന സ്ഥലങ്ങളിൽ ഇപ്പോഴും പട്രോളിങ്ങ് കൂടുതൽ ശക്തമായി നടക്കുന്നുണ്ട്. കൂടാതെ പ്രസ്തുത കൺട്രോൾ റൂമിന്റെ പ്രവർത്തനം ഇൻസ്പെക്ടർ ഓഫ് പോലീസ് കൺട്രോൾ റൂമിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക വഴി കൺട്രോൾ റൂം പട്രോളിങ്ങ് വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായും ജാഗ്രതയോടെയും പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ